5
ആഗസ്റ്റ് 2023
ശനി
Pages- 5
Vol. 2 Issue 183

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

552



## സംഘർഷം കത്തിനിൽക്കുന്ന മണിപ്പൂരിൽ

# ആയുധപ്പുര കയ്യേറി മെയ്തെയ് വിഭാഗം

ബിജോയ്പൂരിൽ തമ്പടിച്ച അക്രമികളെ പിരിച്ചുവിടാൻ മണിപ്പൂർ പോലീസ് അസം റൈഫിൾസ് ബ്രിഗേഡിയന്റെ സഹായം തേടി. ഇരുവിഭാഗവും ബങ്കറുകൾ കേന്ദ്രീകരിച്ച് ആക്രമണങ്ങൾ ശക്തമാക്കുന്നതിനിടയിലാണ് മെയ്തെയ് വിഭാഗം വൻതോതിൽ ആയുധങ്ങൾ സംഭരിച്ചിരിക്കുന്നത്...

പേജ് 3 കാണുക



# യുഎഇയിൽ കനത്ത മഴ; ഷാർജയിൽ മഞ്ഞ, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു

എഡിറ്റോറിയൽ
ക്രിസ്ത്യൻ ലൈവ്
2023 ആഗസ്റ്റ് 5ശനി



# അഹങ്കാരം തളിർക്കുമ്പോൾ

**ബാ**ബിലോന്യ പ്രവാസകാലത്തു പ്രവാസികളുടെ ഇടയിൽ ശുശ്രൂഷിച്ച പ്രവാചകൻ ആയിരുന്നു യെഹെസ്ക്കേൽ. ബാബിലോണിലെ തേൽആബീബ് ആയിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷാവേദി. ആ സ്ഥലത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ആധുനിക യിസ്രയേലിലെ ടെൽഅവീവ് എന്ന നഗരം (മുൻതലസ്ഥാനനഗരി) സ്ഥാപിച്ചത്. പ്രവാസത്തിനു മുമ്പു യിസ്രായേലിൽ നിന്നു മഹത്വം പോയ്പ്പോകുന്നു എന്നതിന്റെ സൂചനയായി ആലയത്തിൽ നിന്നു, തേജസ്സ് ഉയർന്നുപൊങ്ങി ആലയം വിട്ടു, നഗരം വിട്ടു ഒലീവുമലക്കു മീതേ ചുറ്റിപ്പറന്നു നിന്നിരുന്ന ദർശനം കണ്ടു. കഠിനമായ ജീവിതസാഹചര്യങ്ങളിലൂടെ അദ്ദേസത്തിനു കടന്നു പോകേണ്ടി വന്നു. റേഷനിങ് സമ്പ്രദായം അനുസരിച്ചു അപ്പവും വെള്ളവും കഴിക്കുകയും, അതു പാകപ്പെടുത്താൻ ചാണകവറളി വിറകാക്കാനും ഒക്കെ ദൈവം ഈ പ്രവാചകനോടും കല്പിച്ചു. 430 ദിവസം യിസ്രായേലിന്റെ അകൃത്യം യെഹെസ്കേൽ സ്വന്തം ശരീരത്തിൽ വഹിച്ചു. അവന്റെ കണ്ണിനു ആനന്ദമായിരുന്ന, അതിസുന്ദരിയായ, അംഗലാവണ്യം ഉണ്ടായിരുന്ന ഭാര്യ സ്ട്രോക്ക് വന്നു മരിച്ചു. ഈ പ്രവാചകന്റെ ശുശ്രൂഷാവചനങ്ങളിലെ ഏറ്റവും സുപ്രധാനമായ ഒരു വാക്യമാണ്, 'വടി പൂത്തു അഹങ്കാരം തളർന്നിരിക്കുന്നു, സാഹസം ദുഷ്ടതയുടെ വടിയായി വളർന്നിരിക്കുന്നു' (7:10,11). 'ഇതാ സാഹസം ദുഷ്ടതയുടെ വടിയായി വളർന്നിരിക്കുന്നു, ആ വടി പൂത്തു അഹങ്കാരം തളർന്നിരിക്കുന്നു,' എന്നാകുമ്പോൾ ആ ക്രമം പൂർണമാകുന്നു. ഇവിടെ ദുഷ്ടത, അഹങ്കാരം എന്നിവ സാദൃശീകരിക്കപ്പെട്ടിരിക്കുന്നു. തണുപ്പുരാജ്യങ്ങളിൽ ചില വൃക്ഷലതാദികൾ തണുപ്പുകാലം കഴിഞ്ഞാലുടൻ പൂക്കുകയും, പിന്നെ തളിർക്കുകയും, അടുത്ത തണുപ്പിനു മുമ്പ് കായ്ഫലം പാകമാവുകയും ചെയ്യുന്നു. ഇവിടെ വൃക്ഷ ഏതാണെന്നു പറയുന്നില്ല. പക്ഷേ ഉദാഹരണം വളരെ ഗംഭീരമായിരിക്കുന്നു. ഒരു വൃക്ഷത്തിന്റെ കൊമ്പു മുറിഞ്ഞു മാറുന്നു. അതു വടിയായിത്തീരുന്നു. പിന്നീടു അതു പൂത്തു തളിർക്കുകയും ചെയ്യുന്നു. ഇതു അസംഭവ്യമാണ്. കാരണം, വടി നിർജീവമാണ്, ഉണങ്ങി വരണ്ടതാണ്. അതിനു പിന്നെ ഒരു തളിർപ്പില്ല. യിസ്രായേലിനെ  മുന്തിരി, അത്തി, ഒലിവു എന്നിവയോടു ഉപമിച്ചിരിക്കുന്നു.

അഹരോന്യപൗരോഹിത്യക്രമത്തെ ബദാം വൃക്ഷത്തോടു ഉപമിച്ചിരിക്കുന്നു. 'അഹരോന്റെ തളിർത്ത വടി' അഹരോന്റെ തിരഞ്ഞെടുപ്പിനെ ഉറപ്പിക്കുന്നതും, മത്സരങ്ങളുടെ പൗരോഹിത്യ ക്രമത്തെ തള്ളിക്കളഞ്ഞു എന്നതിന്റെ അടയാളവും ആയിരുന്നുവല്ലോ. വടി അധികാരത്തെ കാണിക്കുന്നു. യിസ്രായേൽ എന്ന വൃക്ഷത്തിൽ നിന്നു അധികാരത്തിന്റെ വടി ഖണ്ഡിക്കപ്പെട്ടു നിർജ്ജീവമായി പോയി എന്നും കാലക്രമത്തിൽ അത് ഒരു വൃക്ഷമായി വൃക്ഷത്തിന്റെ തനതുസ്വഭാവം കാണിച്ചു പൂത്തുതളിർത്തു എന്നുമാണു വ്യാഖ്യാനം. അഹരോൻ വടി ഒറ്റരാത്രി കൊണ്ടു പൂത്തുതളിർത്തു കായ്ച്ചതു ദൈവിക അത്ഭുതപ്രവൃത്തി ആയിരുന്നുവല്ലോ. ദുഷ്ട ദുഷ്ടനിൽ നിന്നു ജനിക്കുന്നു എന്നാണല്ലോ  വചനം.

അങ്ങനെയാണെങ്കിൽ, ദൈവത്തിന്റെ വൃക്ഷത്തിൽ നിന്നു ദൈവം ഖണ്ഡിച്ചു മാറ്റികളഞ്ഞ സാഹസത്തിന്റെ ചിറകേറി വന്ന ദുഷ്ടതയെ, സാത്താന്റെ ആധിപത്യത്താൽ ദുഷ്ടാത്മാവിനാൽ ജീവൻ പ്രാപിച്ചു സ്വതന്ത്രമായി. സാത്താന്റെ ശക്തിയാൽ അത്ഭുതങ്ങളും അടയാളങ്ങളും വീര്യപ്രവർത്തികളും നടക്കുമെന്നും സത്യവിശ്വാസികൾ  അതു കണ്ടു ആശ്ചര്യപ്പെടുകയോ വശീകരിക്കപ്പെടുകയോ ചെയ്യരുതു എന്നും നമ്മുടെ കർത്താവു മുന്നറിയിപ്പു നല്കിയിട്ടുണ്ടല്ലോ. സാഹസം എന്നതിനു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിനു violence, wrong, cruetly, injustice, unjust gaining  എന്നൊക്കെ അർത്ഥമുണ്ട്. ചേർത്തുവായിക്കുമ്പോൾ, സാഹസം ദുഷ്ടതയെ വളർത്തുന്നു എന്നും, അതു അഹങ്കാരത്തെ കായ്പിക്കുന്നു എന്നും കാണുന്നു. എന്നാൽ, ഇവയെല്ലാം സഭയിൽ നിന്നു ഒഴിഞ്ഞു പോകേണ്ടതാണ്.

മണിപ്പൂരിലും ഹരിയാനയിലും ലോകത്തിലെ വിവിധ ഇടങ്ങളിലും violence, wrong, cruetly, injustice  എന്നിവ കൈകോർക്കുകയാണ്. അപ്പോൾ ചിലർക്കു അതു ൗിഷൗെ ഴമശിശിഴ ആവുകയാണ്. ദുഷ്ടതയുടെ ദുഷ്ടന്റെ വരവിനു കളമൊരുങ്ങുകയാണ്. ജാതീകശക്തി ഇളകിയിരിക്കുന്നു. അവരുടെ കാലുകൾ സാഹസത്തിന് ബദ്ധപ്പെടുന്നു. 'മോർച്ചറിയിൽ കയറ്റും' എന്നതു അതിന്റെ ബഹിർസ്ഫുരണം മാത്രമാണ്. സാഹസവും ദുഷ്ടതയും പെരുകിയാൽ ദേശം രക്തപാതകം കൊണ്ടു നിറയും (വാക്യം 23). എന്നാൽ ബലവാന്മാരുടെ പ്രതാപം ദൈവത്താൽ ഇല്ലാതെയാകും (വാക്യം 24). ദൈവത്തിന്റെ തെരഞ്ഞെടുപ്പു മാത്രം നിലനില്ക്കും.



പാസ്റ്റർ സണ്ണി പി പി സാമുവൽ

## മണിപ്പൂരിൽ പീഡനം; പ്രാർത്ഥനാനിരതരായി വിശ്വാസികൾ യുഎഇയിൽ

ഷാർജ: ക്രൈസ്തവ സമൂഹം മണിപ്പൂരിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ യുഎഇയിലെ ദൈവമക്കൾ ഒന്നടങ്കം ദൈവസന്നിധിയിൽ  പ്രത്യേകം പ്രാർത്ഥനയിൽ ചെലവഴിക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് 8 ന് വൈകിട്ട് 7.30 ന് തുടങ്ങുന്ന പ്രാർത്ഥനയ്ക്ക് ക്രിസ്ത്യൻ ലൈവ് ഷാർജാ യൂണിറ്റ് നേതൃത്വം നൽകുമെന്ന് പ്രസിഡണ്ട് പാസ്റ്റർ രാജീവ് സേവ്യറും സെക്രട്ടറി അലക്സ് സാമുവേലും അറിയിച്ചു.

# ഐ.പി.സി സോദരി സമാജം സ്റ്റേറ്റ് തിരഞ്ഞെടുപ്പ്:

### ജെയിംസ് ജോർജ് ഇലക്ഷൻ ഓഫീസർ, ജോജി ഐപ്പ് മാത്യൂസ്, സജി മത്തായി കാതേട്ട് എന്നിവർ റിട്ടേണിങ്ങ് ഓഫീസർമാർ





കുമ്പനാട് : ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭ കേരള സ്റ്റേറ്റ് സോദരി സമാജം തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ തുടങ്ങി. കഴിഞ്ഞ ദിവസം കൂടിയ സ്റ്റേറ്റ് കമ്മറ്റി നിർദ്ദേശപ്രകാരം ഇലക്ഷൻ കമ്മീഷണറായി ജെയിംസ് ജോർജിനെയും റിട്ടേണിങ്ങ് ഓഫീസർമാരായി ജോജി ഐപ്പ് മാത്യൂസിനെയും സജി മത്തായി കാതേട്ടിനെയും നിയമിച്ചു.
റിട്ട. അധ്യാപകനും ഐപിസി കേരള സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയുമാണ് ജെയിംസ് ജോർജ് വേങ്ങൂർ. ഈ വർഷം നടന്ന പി.വൈ.പി.എ സ്റ്റേറ്റ് തെരഞ്ഞെടുപ്പിന്റെയും ഇലക്ഷൻ ഓഫീസർ ആയിരുന്നു. ജോജി ഐപ്പ് മാത്യൂസ്, സജി മത്തായി കാതേട്ട് എന്നിവർ മാധ്യമ പ്രവർത്തകരും ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളുമാണ് കഴിഞ്ഞ സോദരി സമാജം തിരഞ്ഞെടുപ്പിൽ റിട്ടേണിങ്ങ് ഓഫീസറായിരുന്നു ജോജി ഐപ്പ് മാത്യൂസ്.
തിരഞ്ഞെടുപ്പ് ക്രമീകരണം സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടന്നു. ഐ.പി.സി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ്, സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായ ജെയിംസ് ജോർജ്, ജോജി ഐപ്പ് മാത്യൂസ്, സ്റ്റേറ്റ് സോദരി സമാജം പ്രസിഡന്റ് ഏലിയാമ്മ തോമസ്, വൈസ് പ്രസിഡന്റ് റോസമ്മ ജെയിംസ്, സെക്രട്ടറി സൂസൻ എം.ചെറിയാൻ, ജോയിന്റ് സെക്രട്ടറിമാരായ ജെയ്മോൾ രാജു, ഒമേഗ സുനിൽ, ട്രഷറർ ജോയമ്മ ബേബി എന്നിവർ പങ്കെടുത്തു.
തിരഞ്ഞെടുപ്പ് തിയതി പിന്നീട് പ്രഖ്യാപിക്കും. അംഗത്വ ശേഖരണ ലിസ്റ്റ് പൂർത്തിയാകുന്നതനുസരിച്ച് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അംഗീകാരത്തോടെ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ നടക്കും.

Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD
Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George
Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
+91 9188522220 +91 9846552220
Email: cnl7news@gmail.com
Layout: Shaji Vazhoor ... 9656571354

# ഭ്രൂണഹത്യ ക്ലിനിക്കിന് മുന്നിൽ നിന്ന് പ്രാർത്ഥിച്ചതിന്റെ പേരിൽ ബ്രിട്ടനിൽ വീണ്ടും ക്രിമിനൽ കേസ്

ലണ്ടൻ: ഭ്രൂണഹത്യ ക്ലിനിക്കിനു മുന്നിൽ നിന്ന് പ്രാർത്ഥിച്ചതിന്റെ പേരിൽ നേരത്തെ പിഴയൊടുക്കിയ ബോർൺമൗത്ത് സ്വദേശിക്കെതിരെ ക്രിമിനൽ കേസ്. ആദം സ്മിത്ത് കോർണർ എന്ന വ്യക്തിയ്ക്കെതിരെയാണ് ഭ്രൂണഹത്യ വിരുദ്ധമായ ബോധവൽക്കരണങ്ങളും, പ്രാർത്ഥനകളും വിലക്കിയ ബഫർ സോണിന്റെ ഉള്ളിൽ നിശബ്ദമായി പ്രാർത്ഥിച്ചുവെന്ന കുറ്റം ചാർത്തിയിരിക്കുന്നത്. 2022ൽ ഇതിന്റെ പേരിൽ കോണറിന് പിഴ ശിക്ഷ ലഭിച്ചിരുന്നു. അതേസമയം ഓഗസ്റ്റ് ഒൻപതാം തീയതി ബോർൺമൗത്തിലെ മജിസ്ട്രേറ്റ് കോടതിക്ക് മുമ്പാകെ അദ്ദേഹം ഹാജരാകുമെന്ന് കോർണറിന് നിയമസഹായം നൽകുന്ന അലയൻസ് ഡിഫൻഡിങ് ഫ്രീഡം ഇന്നലെ വ്യക്തമാക്കി.

ക്ലിനിക്കിൽ ജോലി ചെയ്യുന്നവരുടെയും, അവിടെ എത്തുന്നവരുടെയും സ്വകാര്യത മാനിച്ച് ക്ലിനിക്കിനോട് പുറം തിരിഞ്ഞു നിന്നാണ് കോണർ പ്രാർത്ഥിച്ചതെന്ന് അലയൻസ് ഡിഫൻഡിങ് ഫ്രീഡം വിശദീകരിച്ചു. ഈ സമയത്താണ് സാമൂഹ്യ സുരക്ഷ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അവിടെയെത്തി കോണറിനെ ചോദ്യം ചെയ്യുകയായിരിന്നു. എന്താണ് ക്ലിനിക്കിന് മുന്നിൽനിന്ന് ചെയ്യുന്നതെന്ന് ചോദിച്ചപ്പോൾ മരണമടഞ്ഞ തന്റെ മകനുവേണ്ടി പ്രാർത്ഥിക്കുകയാണെന്ന ഉത്തരമാണ് മുൻ ആർമി ഓഫീസർ കൂടിയായ കോണർ നൽകിയത്. നിശബ്ദ പ്രാർത്ഥനയെന്നത് ഒരു ക്രിമിനൽ കുറ്റമല്ലായെന്ന് കോടതികളും, പോലീസും വ്യക്തമാക്കിയിട്ടുള്ളതാണെന്നും എഡിഎഫിന്റെ യുകെയിലെ ലീഗൽ കൗൺസിൽ പദവി വഹിക്കുന്ന ജർമിയ ഇഗുന്നുബോലെ പറഞ്ഞു. ഇത് ലംഘിച്ചാൽ 113 ഡോളർ വരെ പിഴ ലഭിക്കാൻ സാധ്യതയുണ്ട്. കൂടാതെ കേസ് കോടതിയുടെ പരിഗണനയ്ക്ക് അയക്കാനും സാധ്യതയുണ്ട്. സമാനമായ നിരോധനം ഇംഗ്ലണ്ടിലും, വെയിൽസിലും ഉടനീളം കൊണ്ടുവരാൻ യുകെയിലെ പാർലമെന്റ് അംഗങ്ങൾ ശ്രമം ആരംഭിച്ചിട്ടുണ്ടെന്നതും ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്.

# ആയുധപ്പുര കയ്യേറി മെയ്തെയ് വിഭാഗം



ഇംഫാൽ : സംഘർഷം കത്തിനിൽക്കുന്ന മണിപ്പൂരിൽ ഇന്ത്യ റിസർവ് ബറ്റാലിയന്റെ ആയുധപ്പുര കൈയ്യേറി മെയ്തെയ് വിഭാഗം ആയുധങ്ങൾ കൈവശപ്പെടുത്തിയതോടെ മണിപ്പൂർ പൊട്ടിത്തെറിയിലേക്കെന്നു ഭീതി പരന്നു. ബിഷ്ണുപൂരിലെ സേനയുടെ ആയുധപ്പുര കൈയ്യേറി മെയ്തെയ്വിഭാഗം വൻ പ്രഹര ശേഷിയുള്ള മുന്നൂറിലധികം അത്യാധുനിക തോക്കുകളാണു കൈവശപ്പെടുത്തിയത്. എകെ 47, ഇൻസാസ്, എം പി 3 റൈഫിൾസ് എന്നിവയും ജനക്കൂട്ടം കവർന്നു. 15,000 വെടിയുണ്ടകളും സംഘം കൊള്ളയടിച്ചു. അരകിലോമീറ്റർ ദൂരം പ്രഹരശേഷിയുള്ള 7.62 എം എം എസ് എൽ ആർ 195 എണ്ണം ജനക്കൂട്ടം കവർന്നതായി റിപ്പോർട്ടുകളുണ്ട്. 124 ഹാൻഡ് ഗ്രേനേഡുകളും അനവധി ബോംബുകളും ജനക്കൂട്ടം കൈവശപ്പെടുത്തിയെന്നാണു വിവരം.

ജനക്കൂട്ടത്തെ പിരിച്ചുവിടാനുള്ള പോലീസ് ശ്രമങ്ങൾ വിജയിച്ചില്ല. 327 റൗണ്ട് ആകാശത്തേക്ക് വെടിവെച്ചെങ്കിലും ജനക്കൂട്ടം പിന്മാറിയില്ല. 20 കണ്ണീർവാതക ഷെല്ലുകളും പോലീസ് പ്രയോഗിച്ചു. സ്ത്രീകളടക്കം ആഞ്ഞൂറിലേറെ വരുന്ന സംഘമാണ് പോലീസ് ക്യാമ്പിലേക്ക് ഇടിച്ചു കയറിയത്.
ബിഷ്ണുപൂരിലും ബിജോയ്പൂരിലും ആയിരക്കണക്കിന് വരുന്ന മെയ്തെയ് സംഘമാണ് ആക്രമണത്തിന് തയ്യാറായി നിൽക്കുന്നത്. ഇംഫാൽമോറെ ഹൈവേയിൽ മൂവായിരത്തോളം വരുന്ന സംഘമാണ് ആക്രമണത്തിന് തയ്യാറായി നിൽക്കുന്നത്. ബിജോയ്പൂരിൽ തമ്പടിച്ച അക്രമികളെ പിരിച്ചുവിടാൻ മണിപ്പൂർ പോലീസ് അസം റൈഫിൾസ് ബ്രിഗേഡിയന്റെ സഹായം തേടി. ഇരുവിഭാഗവും ബങ്കറുകൾ കേന്ദ്രീകരിച്ച് ആക്രമണങ്ങൾ ശക്തമാക്കുന്നതിനിടയിലാണ് മെയ്തെയ് വിഭാഗം വൻതോതിൽ ആയുധങ്ങൾ സംഭരിച്ചിരിക്കുന്നത്.

# പീഡിത ക്രൈസ്തവർക്ക് വേണ്ടി ആരാധനാലയം സമർപ്പിച്ചു



സ്റ്റോക്ക്ഹോം: പീഡിത ക്രൈസ്തവർക്ക് വേണ്ടി പ്രത്യേകം സമർപ്പിച്ചിരിക്കുന്ന ആരാധനാലയം സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ ഉത്ഘാടനം ചെയ്തു. തങ്ങളുടെ വിശ്വാസത്തിന്റെ വേരുകൾ മറന്ന മതേതര പാശ്ചാത്യ ലോകത്തിന് അഭയാർത്ഥികളുടെ വിശ്വാസ സാക്ഷ്യം വലുതാണെന്ന് ചടങ്ങിൽവെച്ച് കർദ്ദിനാൾ അർബോറേലിയൂസ് പറഞ്ഞു. പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്ന് പലായനം ചെയ്തെത്തിയ നിരവധി ക്രൈസ്തവർ ജീവിക്കുന്ന രാജ്യമാണ് സ്വീഡൻ. എല്ലാത്തരത്തിലും സുരക്ഷിതത്വം അനുഭവിക്കുന്ന പാശ്ചാത്യ ക്രൈസ്തവർക്ക് ഒരു ദിവസം പീഡനത്തിൽ നിന്നും രക്ഷപ്പെടാൻ പൗരസ്ത്യ ലോകത്തെ തങ്ങളുടെ സഹോദരങ്ങളിലേക്ക് തിരയേണ്ടി വരുമെന്നതിന്റെ മുന്നറിയിപ്പാണ് പ്രാർത്ഥനയുടെ ഈ പുതിയ കേന്ദ്രമെന്നു വൈദികർ പറഞ്ഞിരിന്നു. പാശ്ചാത്യ ലോകത്തെ കൂടുതൽ ദേവാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാമെന്നുള്ള പ്രതീക്ഷയിലാണ് അദ്ദേഹം. തങ്ങളുടെ രൂപതകളിലും ഈ ആരാധനാ കേന്ദ്രം ആരംഭിക്കാൻ ആഗ്രഹമുള്ള മെത്രാന്മാർക്ക് തന്റെ സംഘടനയെ സമീപിക്കാമെന്നും പുരോഹിതർ അറിയിച്ചിട്ടുണ്ട്.

## ഏകദിന സുവിശേഷയോഗവും സംഗീത വിരുന്നും

തിരുവനന്തപുരം: വെള്ളറട കേന്ദ്രമായി പ്രവർത്തിക്കുന്ന ഹെവൻലി ബീറ്റ്സ് ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 6 ന് സുവിശേഷയോഗവും സംഗീതവിരുന്നും സംഘടിപ്പിക്കുന്നു. ഞായർ വൈകിട്ട് ആറുമണി മുതൽ കിളിയൂർ ജംഗ്ഷന് സമീപമായി തയ്യാറാക്കിയ പന്തലിലാണ് കൺവൻഷൻ നടക്കുന്നത്. പാസ്റ്റർ അനീഷ് കാവാലം മുഖ്യ പ്രഭാഷകനാണ്. ഹെവൻലി ബീറ്റ്സ് ഗോസ്പൽ ടീം സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## റ്റി പി എം ഏറ്റുമാനൂർ സഭയുടെ നേതൃത്വത്തിൽ സുവിശേഷ പ്രസംഗം

ഏറ്റുമാനൂർ: ദി പെന്തെക്കൊസ്ത് മിഷൻ ഏറ്റുമാനൂർ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷ പ്രസംഗം ആഗസ്റ്റ് 27, 28 തീയതികളിൽ വൈകിട്ട് 5.30 ന് പാറോലിക്കൽ ജംഗ്ഷന് സമീപമുള്ള റ്റി പി എം ഗ്രൗണ്ടിൽ നടക്കും. തിങ്കളാഴ്ച രാവിലെ 9 ന് ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. സഭയുടെ സീനിയർ ശുശ്രൂഷകർ യോഗത്തിൽ പ്രസംഗിക്കും. സുവിശേഷ പ്രവർത്തകർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.


## യൂത്ത് എംപവറിങ്ങ് മീറ്റിംഗ്

മുട്ടം: ബോൺ എഗ്ൻ പീപ്പിൾസ് ചർച്ച് യൂത്ത് ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ ഏകദിന യൂത്ത് മീറ്റിംഗ് 'യൂത്ത് എംപവറിങ്ങ് മീറ്റിംഗ്' ഓഗസ്റ്റ് 12 ന് രാവിലെ 9 ന് മുട്ടം പള്ളിക്കവല ബി പി സി ചർച്ചിൽ വെച്ച് നടക്കും. റവ ഡോ എം ഡി ഡാനിയേൽ ഉത്ഘാടനം ചെയ്യും. ഡോ സജി കുമാർ കെ പി ക്ലാസുകൾ നയിക്കും.

## ബൈബിൾ ബുക്സ് എക്സ്പോ

തിരുവനന്തപുരം: ഐ. ബി. എൽ ചെന്നൈ സംഘടിപ്പിക്കുന്ന ബൈബിൾ ബുക്സ് എക്സ്പോ ഓഗസ്റ്റ് 7 മുതൽ 11 വരെ പട്ടം ജോസ്കോക്ക് എതിർ വശത്തുള്ള എസ്.സി.എം ഹാളിൽ നടക്കും. ദിവസവും രാവിലെ 9 മുതൽ വൈകിട്ടു 7 വരെയാണ് പ്രവർത്തന സമയം. ഷാജി, ജനകീരാമൻ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക് : 9847984956, 0956660 26687.

# ബാബു പാസ്റ്ററിന്റെ തലയിണ!!!





**ജീമോൻ മെയ്ക്കാട്ട്**

**കഴിഞ്ഞലക്കം തുടർച്ച..**

**ആരോടും പരാതിയില്ല ഇപ്പഴത്തെ ആത്മീയലോകത്തിന്റെയും നേതാക്കളുടെയും പോക്കു കണ്ടു പറഞ്ഞു എന്നേയുള്ളു. എനിക്ക് ദൈവം ഇന്നുവരെയും വിശ്വസ്തനാണ്. അതെ അതുമതി എനിക്ക്, ആ വാക്കുകൾ ഉറപ്പുള്ളതായിരുന്നു...**

**ഈ**ലോകത്തു ജന്മം തന്നു പോറ്റിവളർത്തിയ സ്നേഹനിധിയായ അമ്മയും അപ്പനും വാടക വീട്ടിൽകിടന്നു ഈ ലോകത്തോട് യാത്രപറയുമ്പോൾ അവരും ആഗ്രഹിച്ചിട്ടുണ്ടാകും കർത്താവേ അങ്ങയുടെ വേല ചെയ്യുന്ന മകന് ലോകത്തിൽ അവന്റെ തലമുറക്കെങ്കിലും ഒരു ചെറിയ ഭവനം സ്വന്തമായി നല്കണേ എന്ന് .അമ്മയുടെയും അപ്പന്റെയും അടക്കത്തിനു ഭംഗിവാക്ക് പറയാൻ എത്ര നേതാക്കൾ .തലയിണ എന്തൊക്കയോ പറയാൻ ആഗ്രഹിക്കുന്നതായി തോന്നി .ഹൃദയം പൊട്ടുന്ന വേദനയിലും എനിക്ക് ഒരു ആഗ്രഹം മാത്രമേയുള്ളു, ഒരുപക്ഷെ അതു മാനുഷീകം ആകാം. അല്ലെങ്കിൽ ഒരു ഭർത്താവിന്റെയോ ഒരു അപ്പന്റെയോ ഹൃദയത്തിന്റെ വിങ്ങലിൽ നിന്നു വന്നതാകാം. ഇനി പോകുന്ന ഫെയ്ത് ഹോമിലെങ്കിലും, കർത്താവിന്റെ വരവ് എന്ന പ്രത്യാശ മാത്രം ഉള്ളിൽ സൂക്ഷിച്ചു കൂടെനിന്ന് എല്ലാം കഷ്ട്ടങ്ങളും സഹിക്കുന്ന ദൈവ പൈതലായ ഭാര്യ, അവൾക്കും കുഞ്ഞുങ്ങൾക്കും ഒരുനേരമെങ്കിലും വയറുനിറച്ചു ആഹാരം കഴിക്കാൻ ഉണ്ടാകണം . സുവിശേഷ വയലിൽ അവൾ ഒരു ആശ്വാസമാണ്എന്നും.

തലയിണ പതിയെ തന്റെ ആരുമറിയാതെ ഉള്ളിൽ സൂക്ഷിക്കുന്ന വിഷമതകൾ പുറത്തെടുത്തു. ഞാൻ നിറകണ്ണുകളോടെ എല്ലാം കേട്ടിരുന്നു. ദേശത്ത് രാപകലില്ലാതെ നടന്നു സുവിശേഷം അറിയിച്ചു, ആത്മാക്കൾ രക്ഷിക്കപ്പെട്ടു വന്നാൽ, അവരെ സ്നാനപ്പെടുത്താൻ അതുവരെ പ്രവർത്തനത്തിന് വാക്കുകൾ കൊണ്ടുപോലും കൈത്താങ്ങൽ തരാത്ത നേതാക്കൾ പ്രത്യക്ഷപ്പെടും. എന്നിട്ട് ഓർഡിനേഷൻ സമയത്ത് പ്രഹസന ഇന്റർവ്യൂന് ഒരു ചോദ്യം താങ്കൾ സ്നാനപ്പെടുത്തിയിട്ടുണ്ട്? ഇന്നും പാസ്റ്റർ പദവി എന്നെപ്പോലുള്ളവർക്ക് സ്വപ്നം മാത്രം. പദവിക്കല്ല പാദസേവക്കാ വിളി എന്ന സഹധർമ്മിണിയുടെ ഹാസ്യരൂപേണയുള്ള വാക്കുകൾ ധൈര്യമേ തന്നിട്ടുള്ളൂ.... ഒരു വിവാഹം വന്നാൽ, അതുവരെ പ്രാർഥിച്ചു കണ്ണിരോഴുക്കിയ സഭാ ശുശ്രുഷകനു സ്ഥാനമില്ല. അവിടയും നേതാക്കൾക്ക് പ്രാധാന്യം.

ദേശത്തുള്ള പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സഹായത്തിന് അനേകരുടെ കാലുപിടിച്ചും കണ്ണിരോഴുക്കി പ്രാർഥിച്ചും എവിടുന്നേലും അല്പ്പം സഹായം ആരേലും ചെയ്താൽ അതുകൊടുക്കാൻ നേതാക്കളുടെ ഒരു നിരതന്നെ കാണും. എന്തിനു പെൺ കുഞ്ഞുങ്ങളുടെ വിവാഹത്തിനായി കണ്ണീരൊഴുക്കി ഉപവസിച്ചു പ്രാർത്ഥിക്കുന്ന സഭാ ശുശ്രുഷകന് വിവാഹം നടത്താൻ സ്ഥാനമില്ല. നേതാക്കൾ തന്നെ വേണം. എവിടെയും കണ്ണീരും തലയിണയും തന്നെ എന്നും സഭാശുശ്രുഷകനു. എന്ത് ചെയ്താലും നാലുപേർ അറിയണം എന്നതാണ് നേതാക്കളുടെ ഉള്ളിലിരുപ്പ്. കൊടുക്കുന്നവർക്കും നാല് നേതാക്കൾ അറിഞ്ഞു, അവരിലൂടെ കൊടുത്താലേ പിന്നെ അതുവഴി അവർക്ക് നേതാക്കളോടൊപ്പം ഒരു ഇരിപ്പിടം കിട്ടൂ, പ്രസ്ഥാനത്തിൽ ഒരു സ്ഥാനംകിട്ടൂ എന്നവർക്കറിയാം. അതുകൊണ്ട് അമ്പതിനായിരം സഹായം കൊടുക്കാൻ ഒരുലക്ഷം പരസ്സ്യത്തിനായും മറ്റും ചിലവാക്കാൻ ഇവർക്ക് മടിയില്ല. രാത്രിയുടെ യാമങ്ങളിൽ താനും സ്നേഹനിധിയായ ഭാര്യയും പരസ്പരം അറിയാതെ തലയിണയിലേക്ക് ഉതിർന്നു വീണ കണ്ണീർ തുള്ളികൾ തുരുത്തി പോലെ തലയിണ ഇന്നും സൂക്ഷിച്ചു വച്ചിരിക്കുന്നു.

ഇനി അധികം പറയാൻ ഇടംകൊടുക്കാതെ ബാബു പാസ്റ്റർ തലയിണ വീണ്ടും ചുരുട്ടി തന്റെ മടിയിൽ വെച്ചു.

ആരോടും പരാതിയില്ല ഇപ്പഴത്തെ ആത്മീയ ലോകത്തിന്റെയും നേതാക്കളുടെയും പോക്കു കണ്ടു പറഞ്ഞു എന്നേയുള്ളു. എനിക്ക് ദൈവം ഇന്നുവരെയും വിശ്വസ്തനാണ്. അതെ അതുമതി എനിക്ക്, ആ വാക്കുകൾ ഉറപ്പുള്ളതായിരുന്നു.!!!! ബാബു പസ്റ്ററോർ പതിയെ നടന്നു അകത്തുപോയി അലമാരയിൽനിന്ന് അലക്കിവെച്ച ഒരു പഴയ തലയിണകവർ എടുത്തു കണ്ണീരിൽ നനഞ്ഞ കവർ മാറിപുതിയത് ഇട്ടു.!! പുറമെ തലയിണക്ക് അലക്കി വെളുപ്പിച്ച ഈ കവർ ഇട്ടാൽ അകത്തു കണ്ണീരിൽ നനഞ്ഞു കുതിർന്ന ഒരു തലയിണ ഉണ്ടെന്നു ഒരു കൂട്ട് സഹോദരങ്ങളും, ഒരു സെന്റർ പാസ്റ്ററും, ഒരു നേതാക്കളും അറിയില്ല എന്ന് ബാബു പാസ്റ്റർ എത്രയോ മുൻമ്പേ മനസ്സിലാക്കിയതാണ്... !!

അല്ലാ, അവർക്ക് അതറിയാൻ എവിടെ സമയം !! എവിടെ അവർക്കു മനസ്സ്...!! പുതിയ കവറിട്ട തലയിണ പതിയെ ബാബുപാസ്റ്റർ നെഞ്ചോടു ചേർത്തുവെച്ചു ചുംബിക്കുമ്പോൾ ക്കുമ്പോൾ , കാഹളനാദം കേൾക്കാറായി കുഞ്ഞാട്ടിൻ കാന്തേ, വ്യാകുലകാലം തീരാറായി ക്രിശിൻ സാക്ഷികളെ എന്ന ഈരടികൾ തലയിണയുടെ ഉള്ളിൽനിന്നും ആ ക്രിസ്തുഭടന്റെ ഹൃദയത്തിന്റെ ഉള്ളിലേക്ക് ധൈര്യവും പ്രത്യാശയും കൊടുത്തുകൊണ്ടേ യിരിക്കയായിരുന്നു.

(അവസാനിച്ചു)

# പുരാതന പള്ളിക്കു സമീപം നരകത്തിലേക്കുള്ള കവാടം കണ്ടെത്തി ഗവേഷകർ



മെക്സിക്കോസിറ്റി: മെക്സിക്കോയിലെ മിത്‌ലയിൽ നരകത്തിലേക്കുള്ള കവാടം ഗവേഷകർ കണ്ടെത്തി. പുരാതന സപ്പോട്ടെക് സംസ്ക്കാരത്തിന്റെ ചരിത്രപരമായ വിശ്വാസത്തിലേക്ക് വെളിച്ചം വീശുന്ന കൌതുകകരമായ ഒരു കണ്ടെത്തലാണിതെന്ന് ഗവേഷകർ പറയുന്നു. 1521ൽ സ്പാനിഷ്കാരുടെ വരവ് വരെ 2200 വർഷത്തിലേറെയായി ഈ പ്രദേശത്ത് അധിവസിച്ചിരുന്ന സപ്പോട്ടെക്കുകൾ വ്യാപകമായി ഉപയോഗിച്ചിരുന്ന ഭൂഗർഭ പാതകളുടെ ഒരു ഭാഗമാണിതെന്നാണ് കരുതപ്പെടുന്നത്.

പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്പാനിഷ് അധിനിവേശത്തിനുശേഷം ഒരു കത്തോലിക്കാ പള്ളിയും മറ്റ് കെട്ടിടങ്ങളും ഈ സൈറ്റിനു മുകളിൽ നിർമ്മിച്ചു. സപ്പോട്ടെക് പാരമ്പര്യമനുസരിച്ച് ഈ അവശിഷ്ടം മരിച്ചയാളുടെ മണ്ഡലത്തിലേക്കുള്ള ഒരു കവാടമാണെന്ന് വിശ്വസിക്കപ്പെടുന്നു. കൂടാതെ ഭൂഗർഭ പാതകളിലേക്കുള്ള പ്രവേശനം പള്ളിയുടെ പ്രധാന ബലിപീഠത്തിനു താഴെയായിരിക്കാമെന്നാണ് കരുതപ്പെടുന്നത്. മെക്സിക്കൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിസ്റ്ററി ആൻഡ് ആന്ത്രോപോളജി (ഐഎൻഎഎച്ച്), നാഷണൽ ഓട്ടോണമസ് യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യുഎൻഎഎം), അസോസിയേഷൻ ഫോർ ആർക്കിയോളജിക്കൽ റിസേർച്ച് ആൻഡ് എക്സ്പ്ളൊറേഷൻ !, എആർഎക്സ് പ്രൊജക്ട് എന്നിവ സംയുക്തമായാണ് പര്യവേഷണം നടത്തിയത്.

# യുഎഇയിൽ കനത്ത മഴ; ഷാർജയിൽ മഞ്ഞ, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു

യു എ ഇ :വ്യാഴാഴ്ച ഉച്ചയോടെ യുഎഇയുടെ ചില ഭാഗങ്ങളിൽ കനത്ത മഴ പെയ്തതോടെ റോഡുകളിൽ ആലിപ്പഴം പെയ്തു. ഇതോടെ അധികൃതർ യെല്ലോ, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു. ഷാർജയിൽ, പ്രത്യേകിച്ച് ഷെയ്ഖ് ഖലീഫ ബിൻ സായിദ് റോഡിൽ അൽ മദാമിലേക്കുള്ള വഴിയിൽ വൈകുന്നേരം 4.30 ഓടെ ആലിപ്പഴത്തോടുകൂടിയ മഴ രേഖപ്പെടുത്തി. എമിറേറ്റിലെ അൽ റുവൈദ, അൽ ഫയ, അൽ ബഹയീസ് മേഖലകളിലും മഴ പെയ്തതായി റിപ്പോർട്ട്. ഇന്ന് ഉച്ചകഴിഞ്ഞ് 3.15 മുതൽ രാത്രി 8 വരെ പുറത്തിറങ്ങുമ്പോൾ ജാഗ്രത പാലിക്കണമെന്ന് ദുബായ്ക്ക് സമീപമുള്ള ഷാർജയുടെ ചില ഭാഗങ്ങളിൽ യെല്ലോ, ഓറഞ്ച് അലർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപകടകരമായ കാലാവസ്ഥാ സംഭവങ്ങൾ പ്രതീക്ഷിക്കുന്നതായും കൂട്ടിച്ചേർത്തു. അൽ ഐനിലെ ഒരു പ്രദേശത്തും വൈകുന്നേരം 5 മണിയോടെ മിതമായ മഴ പെയ്തതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## നിത്യതയിൽ



പുനലൂർ :ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് പുനലൂർ സെന്ററിലെ ഇളമ്പൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ ഗോംസൺ ജോർജ് (58) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം പിന്നീട്


August 8 Tuesday @ 7.30 PM
Hall No 2, Sharjah Worship Center
മണിപ്പൂരിന്റെ
നിലവിളി
നിങ്ങളുടെ കാതിൽ
മുഴങ്ങുന്നുവോ?
യു.എ.ഇ.യിലെ വിശ്വാസ സമൂഹം
ദൈവസന്നിധിയിൽ മുട്ടുമടക്കുന്നു!
അവർക്കൊപ്പം
നമുക്കും...
വരിക,
പ്രാർത്ഥിക്കാം !
നമുക്ക് ഒന്നിച്ച്
സ്വർഗ്ഗം തുറക്കാം!
വിളിക്കാം
056 3787575 050 2401846
CHRISTIAN LIVE
CHRISTIAN LIVE.IN